**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1958** **04-02-2026 - ൽ മറുപടിയ്ക്ക്**

**കാവശ്ശേരി കെ. സി. പി. എച്ച്. എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. സുമോദ്** | | **ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി)** | |
| (എ) | കാവശ്ശേരി കെ. സി. പി. എച്ച്. എസ്. സ്കൂൾ ഗ്രൗണ്ട് നിർമ്മാണം നിലവിൽ ഏത് ഘട്ടത്തിലാണെന്നും; ആയത് എന്നേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്നും വിശദമാക്കാമോ? | (എ) | കാവശ്ശേരി ഗ്രാമപഞ്ചായത്തിലെ കെ.സി.പി.എച്ച്.എസ്.എസ് കളിസ്ഥലം വികസന പ്രവൃത്തിക്കായി 15.01.2025ലെ സ.ഉ. (സാധാ) നം.18/2025/കാ.യു.വ. പ്രകാരം 100 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. 93.88 ലക്ഷം രൂപയ്ക്ക് സ്പോർട്സ് കേരള ഫൗണ്ടേഷൻ സാങ്കേതികാനുമതി നൽകുകയും പ്രവൃത്തിയ്ക്ക് ഇ-ടെണ്ടർ ക്ഷണിക്കുകയും ചെയ്തു. M/s, ജാബ് കൺസ്ട്രക്ഷൻസ് എന്ന സ്ഥാപനമാണ് 82.41 ലക്ഷം രൂപയ്ക്ക് ടി പ്രവൃത്തിയുടെ കരാർ ഏറ്റെടുത്തിട്ടുള്ളത്. ടി പദ്ധതിയിൽ മഡ് ഫുട്ബോൾ കോർട്ട്, മഡ് വോളീബോൾ കോർട്ട്, ആർ.സി.സി. സ്റ്റെപ്പ് ഗ്യാലറി, ഡ്രെയിൻ, ഫെൻസിംഗ്, അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നീ ഘടകങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നിലവിൽ പ്രസ്തുത ഗ്രൗണ്ടിലൂടെ കെ.എസ്.ഇ.ബി.യുടെ ഇലക്ട്രിക് ലൈൻ പോകുന്നതിനാൽ ലൈൻ മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. ഇതിന് ശേഷം മാത്രമേ ഗ്യാലറിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. കൂടാതെ ടി പ്രവൃത്തിയുടെ നിർമ്മാണം ആരംഭിക്കുന്നതിന് മുന്നോടിയായി കാവശ്ശേരി ഗ്രാമപഞ്ചായത്തും, സ്കൂളും തമ്മിൽ ഒരു ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. ഗ്രാമപഞ്ചായത്തും, സ്കൂളും തമ്മിൽ ധാരണാപത്രത്തിൽ ഏർപ്പെട്ടാലുടൻ പ്രവൃത്തി ആരംഭിച്ച് 6 മാസത്തിനുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ